കേരളാ പഞ്ചായത്ത് കോ.ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷന്റെ നിവേദനം

*254 [269] ശ്രീ. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പഞ്ചായത്ത് കോ--ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികളും എന്തായി എന്ന് വിശദീകരിക്കുമോ;

(സി) നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

റവന്യൂ-സഹകരണ മന്ത്രി (ശ്രീ. ബേബിജോൺ):

(എ) കേരളാ സ്റ്റോറ് കോ--ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എംപ്ലോയീസ് അസോസിയേഷൻ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) സഹകരണ ആശുപത്രികളും ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങളെ പറ്റിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റി അതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) നിവേദനത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ താഴെപറയുന്നവയാണ്:

1. ജീവനക്കാർക്ക് ആകർഷകമായ സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തുക.

2. സംഘത്തിൽ നിയമനം ലഭിക്കുന്ന ഡോക്ടർ 1,500 രൂപയുടെ ഓഹരിയെടുക്കണമെന്നതു മാറ്റി 25 രൂപയായി കുറയ്ക്കുക.

3. സഹകരണാശുപത്രികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ഗ്രാന്റ് നൽകുക.

4. ഗ്രാമപ്രദേശങ്ങളിലുള്ള സ്ഥാപനങ്ങളെ അപ്ഗ്രേഡ് ഫാമിലി പ്ലാനിംഗ് സെന്റർ ആക്കി മാറ്റുക.

5. മരുന്നുവാങ്ങുന്നതിന് 10,000 രൂപ പ്രതിവർഷം ഗ്രാന്റായി നൽകുക.

6. ഈ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുകയോ, ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള സേവനവേതന വ്യവസ്ഥകൾ അനുവദിക്കുകയോ ചെയ്യുക.

മരുന്നു വിതരണം

*255 [270] ശ്രീ. എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നു വിതരണം നടത്തുന്നത് എന്തു മാനദണ്ഡത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വർഷം തോറും മരുന്ന് എത്തിച്ചുകൊടുക്കുന്നത് എത്ര തവണകളായിട്ടാണ്;

(സി) വർഷത്തിൽ നാലു തവണകളായിട്ടല്ല മരുന്നുവിതരണം നടത്തുന്നതെങ്കിൽ അത് നാലു തവണകളാക്കി നിശ്ചയിക്കാൻ നടപടികൾ എടുക്കുമോ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ മരുന്നുകൾ നൽകാൻ വ്യവസ്ഥകൾ വല്ലതുമുണ്ടോ; ഇല്ലെങ്കിൽ ആ വിധത്തിൽ ഒരു പുനഃപരിശോധന നടത്തുമോ;

(ഇ) ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളിലും, ഹെൽത്തു സെൻറുകളിലും മുഴുവൻ സമയം പ്രവർത്തിക്കുന്ന ഡോക്ടർമാരെ നിയമിക്കുവാൻ നടപടികൾ എടുക്കുമോ?

ആരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ആശുപത്രികളിൽ മരുന്നു വിതരണം നടത്തുന്നത് ഓരോ ആശുപത്രിയിലെയും മുൻകാലങ്ങളിലെ രോഗികളുടെ കണക്കിനെയും മറ്റും അടിസ്ഥാനമാക്കിയാണ്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്നിൻെറ വാർഷിക ഇൻഡൻറ് അനുസരിച്ച് ആരോഗ്യ വകുപ്പ് ടെൻഡർ വിളിച്ചു, കമ്പനികൾക്ക് ഓർഡർ കൊടുക്കുകയും ടെൻഡറിലെ കരാറിൻെറ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാർ നേരിട്ട് മെഡിക്കൽ കോളേജുകൾക്ക് അവരുടെ ഇൻഡൻറ് കൊടുക്കുന്ന മുറയ്ക്കു മരുന്നു സപ്ലൈ ചെയ്യുകയാണ് പതിവ്.

(സി) ആയുർവേദ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഓരോ വർഷവും നാലു ക്വാർട്ടറുകളിലായിട്ടാണ് മരുന്നു വിതരണം നടത്തുന്നത്.

ഹോമിയോ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള സ്ഥാപനങ്ങളിൽ ഒരു വർഷത്തേയ്ക്കാവശ്യമുള്ള മരുന്നുകൾ ഒന്നായിട്ടാണ് നൽകുന്നത്. ആ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്ന് വർഷത്തിൽ ഒന്നും രണ്ടും തവണകളായിട്ടാണ് സാധാരണ നൽകുന്നത്. റീ പായ്ക്കുചെയ്തു കൊടുക്കുവാനുള്ള അസൗകര്യങ്ങൾ, വിതരണം നടത്തുന്നതിനുള്ള വാഹനങ്ങളുടെ കുറവ് എന്നീ തടസ്സങ്ങൾ കാരണം വർഷത്തിൽ 4 തവണ മരുന്നു വിതരണം നടത്തുവാൻ പ്രയാസമുണ്ട്.

(ഡി) പ്രത്യേകിച്ചു വ്യവസ്ഥകൾ ഒന്നുമില്ല. ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽ മാത്രമേ കൂടുതൽ മരുന്നു നൽകുന്ന കാര്യം പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ.

(ഇ) ആശുപത്രികളിലും പ്രൈമറി ഹെൽത്തു സെൻറുകളിലും മുഴുവൻ സമയ ഡോക്ടർമാരെയാണ് നിയമിച്ചിട്ടുള്ളത്. പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിലുള്ള സബ് സെൻറുകളിലും മുഴുവൻ സമയ ഡോക്ടർമാരെ നിയമിക്കുന്ന കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly